(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20-5-2002-ലെ എസ്. ആർ. ഒ. 403/2002 പ്രകാരം കേരള മണി ലെൻഡേഴ്സ് ആക്ടിൽ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. പ്രസ്തുത നിയമം 18 പ്രകാരം കൂടുതലായി പലിശ ഈടാക്കുകയാണെങ്കിൽ അപ്രകാരം കൂടുതലായി ഈടാക്കിയ തുക സർക്കാരിലേക്ക് കണ്ടുകെട്ടുകയും സർക്കാർ ഖജനാവിലേക്ക് അടയ്ക്കുകയും വേണമെന്ന നിയമം ചട്ടം 18 ബി പ്രകാരം നിലവിൽവന്നു. ചട്ടം 18 സി പ്രകാരം ചില നിബന്ധനകൾക്ക് വിധേയമായി ഇപ്രകാരം കണ്ടുകെട്ടിയ തുക നിക്ഷേപകന് തിരിച്ചു നൽകുവാനുള്ള നിയമവും നിലവിൽ വന്നിട്ടുണ്ട്.

(സി, ഡി) ഇല്ല.

റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

* 25 [598] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. രാധാകൃഷ്ണൻ:
,, വി. കെ. സി. മമ്മത് കോയ:
,, പി.സി.ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ ഡിപ്പോകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരത്തെക്കുറിച്ച് നിലനിൽക്കുന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരമുള്ള അരിമാത്രം തെരഞ്ഞെടുത്ത് റേഷൻ വ്യാപാരികൾക്ക് നൽകുന്നതിന് പ്രത്യേക സംവിധാനം ഭക്ഷ്യവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) റേഷൻ ഡിപ്പോകളിലൂടെ വിതരണം ചെയ്യുന്ന റേഷനരി ഗുണനിലവാരം ഉള്ളതാണെന്ന് ഉറപ്പാക്കാൻ കർശന നടപടി കൈക്കൊള്ളുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പ് മന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) റേഷൻ കടകളിൽകൂടി വിതരണം ചെയ്യുന്ന അരി ഗുണനിലവാരം കുറഞ്ഞതാണെന്ന ചില പരാതി ലഭിക്കാറുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly